# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മുതുതല ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P3/1012/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 01/09/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതുതല ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മുതുതല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുതല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച

ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA PKD-P3/1012/2021

തീയ്യതി: 01/09/2021

# പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-11-2020 മുതൽ 15-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ

അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ.സതീശൻ | ഡെപ്യൂട്ടി ഡയറക്റ്റർ | 15-07-2021 | 03-08-2021 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 03-08-2021 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രകാശ് ബാബു കെ.ആർ-ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
കെ.പി.മുഹമ്മദ് ഫാറൂക്ക്-അസി.ഓഡിറ്റ് ഓഫീസർ
എ.ബി.സുരേഷ്-അസി.ഓഡിറ്റ് ഓഫീസർ
സഹീർ എസ്-ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സി.എം.നീലകണ്ഠൻ ഭട്ടതിരിപ്പാട് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| സുപ്രഭ കെ.പി | സെക്രട്ടറി | 01-04-2019 | 31-03-2020 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയത (മുതൽ |
|---|---|---|
| സി.പി.സുരേഷ് കുമാർ | അസി.സെക്രട്ടറി | 01-04-2019 |
| രശ്മി എം.ബി | കൃഷി ഓഫീസർ | 01-04-2019 |
| ഡോ.എസ്.ശങ്കരനാരായണൻ | വെറ്ററിനറി സർജൻ | 01-04-2019 |
| കെ.സുനിൽ കുമാർ | അസി.എഞ്ചിനീയർ | 01-04-2019 |
| അംബിക വി.കെ | അസി.എഞ്ചിനീയർ | 01-08-2019 |
| ശ്രീന എൻ .എസ് | അസി.എഞ്ചിനീയർ | 08-09-2019 |
| രാജീവ് കെ.കെ | അസി.എഞ്ചിനീയർ | 05-10-2019 |
| ഡോ.രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി | 01-04-2019 |
| ഡോ.പ്രീത എം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 |
| ഡോ.മഞ്ജുഷ പി.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 06-08-2019 |
| മിനി കെ.പി | ഹെഡ് മിസ്ട്രസ് | 01-04-2019 |
| ഹൃജിൽ പി.വി | വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 01-04-2019 |
| പ്രസാദ് കെ | വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 29-11-2019 |
| പ്രശാന്ത് എൻ.വി | വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 01-02-2020 |

| | | |
|---|---|---|
| വിനോദിനി എ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 |
| സി.കെ.ജാസ്മിൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 |

-

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമ പദ്ധതികൾ | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു | 1-9 |
| 10 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10-1 |
| 11 | റേഷൻ കട, കള്ള് ഷോപ്പ് നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10-2 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10-3 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10-4 |
| 14 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-10 |
| 15 | ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികതി കുറവായി നിർണ്ണയിച്ചു - കുറവായ തുക ഈടാക്കേണ്ടതാണ് | 1-11 |
| 16 | റേഷൻ കടകൾ, കള്ള്ഷാപ്പുകൾ, ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ | 1-12-1 |

| | | |
|---|---|---|
| | എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടതാണ് | |
| 17 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല | 1-12-2 |
| 18 | ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു | 1-12-3 |
| 19 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ് | 1-12 |
| 20 | ജല അതോറിറ്റിയിൽ നിക്ഷേപിച്ച തുക ചെലവഴിച്ചില്ല - 144200 രൂപ പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ് | 1-13 |
| 21 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല. | 1-14 |
| 22 | 2019-20 സെക്രട്ടറി നിർവഹിക്കേണ്ട പ്രൊജക്ടുകൾ മുഴുവൻ നടപ്പാക്കിയില്ല | 1-15 |
| 23 | യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം- പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ | 1-16 |
| 24 | സ്കൂളുകൾക്ക് ദിന പത്രങ്ങൾ, ബാല മാസികകൾ എന്നിവയുടെ വിതരണം-അപാകങ്ങൾ | 1-17 |
| 25 | സൗജന്യ പി.എസ്.സി. കോച്ചിംഗ് - (എസ്.സി.പി.) ചെലവു തുക 10000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-18-1 |
| 26 | സൗജന്യ പി.എസ്.സി കോച്ചിംഗ് (ജനറൽ) - അപാകങ്ങൾ- 10000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 27 | LSS, USS കോച്ചിംഗ് ക്യാമ്പ്- (ജനറൽ) സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധം- ചെലവു തുക 10000രൂപ നിരാകരിക്കുന്നു. | 1-19 |

| | | |
|---|---|---|
| 28 | മൃഗ സംരക്ഷണ മേഖല- പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല - വിശദീകരണമാവശ്യപ്പെടുന്നു. | 1-20 |
| 29 | ആയുർവേദ ഡിസ്പെൻസറിയുടെ അനുബന്ധ ചെലവുകൾ - തുക വകയിരുത്താത്ത ഇനങ്ങൾ വാങ്ങിയിരിക്കുന്നു | 1-21 |
| 30 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല | 1-22 |
| 31 | അസാധാരണ ചെലവുകൾ - ചട്ടങ്ങൾ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കേണ്ടതാണ് | 1-23 |
| 32 | ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമാക്കണം | 1-24 |
| 33 | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്)- അവലോകനം | 1-25 |
| 34 | വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്. | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം- 12436.8 രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-1 |
| 2 | LSS, USS കോച്ചിംഗ് ക്യാമ്പ്- സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധം- ചെലവു തുക 10000രൂപ നിരാകരിക്കുന്നു. | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികക്കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് 16/02/2019 തിയതിയിലെ തീരുമാനം അംഗീകരിച്ചു.(തീരുമാനം നം.5(1) തിയ്യതി 10/3/2020). വാർഷിക ബ അംഗീകാരം നേടിയിട്ടുണ്ട് .ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്ക

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 2522971 | 208414000 | 210936971 | 209813375 | 1123596 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.07.2019 | 04.06.2019 | ----- | ----- |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെല |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 7959910 | 7959910 | 6351592 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 13208765 | 13208765 | 7611960 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | | 0 | 9972000 | 9972000 | 3308339 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | | 0 | 3251000 | 3251000 | 2398221 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6828683 | 6828683 | 1988017 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| TSC | | 1988391 | 0 | 1988391 | 36000 |
| ICDS | | 890800 | 515258 | 1406058 | 337153 |
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 18902565 | 18902565 | 1890256 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8234 | 3268208 | 3276442 | 3022772 |
| ബി ഫണ്ട് | | 0 | 222920 | 222920 | 222920 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയത
വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 337 | 97452879 | 148 | 34850923 | 0 | 189 | 43.91 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെലവ ഴിച്ച തുക |
|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 5 | 3839700 | 171350 |
| വി.ഇ.ഒ | 23 | 12 | 32333636 | 1025879 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 8 | 4493910 | 307380 |
| സെക്രട്ടറി | 35 | 26 | 13067710 | 381879 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 211 | 60 | 33289335 | 977467 |
| മെഡിക്കൽ ഓഫീസർ-PHC | 10 | 10 | 1240294 | 120153 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 724000 | 72400 |
| അസി.സെക്രട്ടറി | 14 | 11 | 5732294 | 316009 |
| വെറ്ററിനറി സർജ്ജൻ | 5 | 4 | 955000 | 14285 |
| ഹെഡ് മിസ്ട്രസ് | 13 | 8 | 967000 | 56547 |
| ഡയറി എക്സ്ടെൻഷൻ ഓഫീസർ | 2 | 2 | 810000 | 41739 |
| ആകെ | 337 | 148 | 97452879 | 3485092 |

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 52920 | 59 |
| കർഷകതൊഴിലാളി പെൻഷൻ | 1533600 | 261 |
| വിധവാപെൻഷൻ | 6384600 | 1073 |
| വാർദ്ധക്യകാല പെൻഷൻ | 9939900 | 1642 |
| വികലാംഗപെൻഷൻ | 1776600 | 332 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 747200 | 125 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-6 ക്യാഷ് പരിശോധന

ക്യാഷ് പരിശോധന വിശദാംശങ്ങൾ ഇതോടൊപ്പം നടക്ക
വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ട

## 1-7 ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

ഇതോടൊപ്പം പുറപ്പെടുവിക്കുന്ന 2020-21വർഷത്തെ ഓഡിറ്റ് റി
ഭാഗമായി ചേർത്തിട്ടുണ്ട്

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി | ഗുരുത ഓഡിറ്റ് പരാമർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 7/7/2021 | 06/2021 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-4-2006 To 6-5-2006 | 1997-98 മുതൽ 2005-06 വരെ | 7-6-2006 | ഇല്ല |

## 1-9 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി കെട്ടിടങ്ങ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു

സഞ്ചയയിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ ഉപയോഗക്രമം തെറ്റായി 'വ്യവസായത്തിനാവശ്യമുള്ളവ – ഷെഡ്, കയർ പിരി ഷെഡ്' നിരക്കിൽ നിശ്ചയിച്ചിട്ടുള്ളതായി ന്റെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 1/351 | എം.കെ മമ്മിക്കുട്ടി | 15 | ഹുദൈഫ് ഫ്ലവർ മിൽ (ലൈസൻസ് നം. 4/19-20) |
| 2 | 12/382 | വേലായുധൻ | 120 | ഇന്ദിരാ ഹോളോബ്രിക്സ് (ലൈസൻസ് നം. 14/19-20) |
| 3 | 8/126A | ടി.വി.ഫൈസൽ | 90 | ഫൈസൽ ബ്രിക്സ് ഇൻഡസ്ട്രീസ് (ലൈസൻസ് നം. 41/19-20) |
| 4 | 12/385 | ടി .വി. മമ്മു | 65 | നൗഷാദ് ബ്രിക്സ് ഇൻഡസ്ട്രീസ് (ലൈസൻസ് നം. 42/19-20) |

| | | | | |
|---|---|---|---|---|
| 5 | 14/212A | റുക്കിയ .എ | 150 | ബർക്കത്ത് ഹോളോബ്രിക്സ് ഇൻഡസ്ട്രീസ് (ലൈസൻസ് നം. 78/19-20) |
| 6 | 13/310 | ആലിക്കുട്ടി | 200 | എ.എസ് ഹോളോബ്രിക്സ് (ലൈസൻസ് നം. 81/19-20) |
| 7 | 12/378 | അത്തൻ കുട്ടി | 220 | അലിയാർ ബ്രിക്സ് ഇൻഡസ്ട്രീസ് (ലൈസൻസ് നം. 126/19-20) |
| 8 | 7/110A | മുഹമ്മദ് ബഷീർ | 240 | മലബാർ മിനി സൂപ്പർ മാർക്കറ്റ് (ലൈസൻസ് നം. 129/19-20) |
| 9 | 13/281C | മുഹമ്മദ് അസീസ് | 34.3 | പ്രവാസി എഞ്ചിനീയറിംഗ് (ലൈസൻസ് നം. 140/19-20) |
| 10 | 6/73A | വിഷ്ണു ശർമ | 20.07 | ശ്രീശങ്കര ഫർണ്ണീച്ചർ വർക്ക്സ് (ലൈസൻസ് നം. 160/19-20) |
| 11 | 15/337A | ബീന കെ ടി | 37.85 | ഹരിശ്രീ എന്റർപ്രൈസസ് (ലൈസൻസ് നം. 185/19-20) |

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഉപയോഗക്ര വ്യവസായങ്ങൾക്കാവശ്യമുള്ളവ' യുടെ നിരക്കായ 50/- രൂപ ഈടാക്കുന്നതിനു പകരം 'വ്യവസായത്തിനാവശ്യമുള്ളവ ഷെഡ്, കയർപിരി ഷെഡ്' ന്റെ നിരക്കായ 15/- രൂപ

ഈടാക്കിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകപയറിക്ക് (നമ്പർ 01/23.07.2021) പ്രസ്തുത കെട്ടിടങ്ങ വ്യവസായങ്ങൾക്കാവശ്യമുള്ളവ' യുടെ നിരക്കിൽ നിർണ്ണയിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കു അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ത തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ട സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-1 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈട ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ന്യൂശീതൽ പ്രൊഡക്ട്സ് | സി അയ്യപ്പൻ | 5 |
| 2 | ഇന്ദിരാ ഹോളോബ്രിക്സ് | വേലായുധൻ | 4 |
| 3 | ശ്രീകൃഷ്ണാ ടൈൽസ് | സത്യനാരായണൻ സി | 5 |
| 4 | തൗഫീക്ക് വുഡ് ഇൻഡസ്ട്രീസ് | അബ്ബാസ് .പി. കെ | 5 |
| 5 | മുതുതല സോ മിൽ | ഹംസക്കുട്ടി പി .പി | 4 |
| 6 | നൗഫൽ സോമിൽ | കെ.ടി. മുഹമ്മദ്കുട്ടി | 4 |
| 7 | തങ്ങൾ സോ മിൽ | അഹമ്മദ്കബീർ കെ ടി | 4 |

| | | | | |
|---|---|---|---|---|
| 8 | അൽ അമീൻ സോമിൽ | സെയ്ദ് ഹാജി പി. കെ | 3 | |
| 9 | കാരക്കുന്ന് സോമിൽ | മമ്മു .പി | 5 | |
| 10 | ഫൈസൽ ബ്രിക്സ് ഇൻഡസ്ട്രീസ് | ടി വി ഫൈസൽ | 7 | |
| 11 | നൗഷാദ് ബ്രിക്സ് ഇൻഡസ്ട്രീസ് | ടി .വി. മമ്മു | 7 | |
| 12 | മോഡേൺ ഓയിൽ മിൽ | എ. പി .ജനാർദ്ദനൻ | 3 | |
| 13 | ഉത്രാടം ലബോറട്ടറി | ഉമാ സുനിൽ | 3 | |
| 14 | മോഡേൺ ഹോളോബ്രിക്സ് | അബൂബക്കർ | 4 | |
| 15 | എ.എസ് ഹോളോബ്രിക്സ് | ആലിക്കുട്ടി .കെ .ടി | 3 | |
| 16 | എം എ പാനൽ | അബൂബക്കർ.കെ.എം | 3 | |
| 17 | ശീതൽ മിൽക്ക് പ്രൊഡക്ട്സ് | സി. ലക്ഷ്മണൻ | 3 | |
| 18 | അലിയാർ ബ്രിക്സ് ഇൻഡസ്ട്രീസ് | അത്തൻ .സി | 4 | |
| 19 | ഈശാന ആയുർവ്വേദ യോഗാശ്രമം | വികാസ് നീലകണ്ഠൻ | 3 | |
| 20 | സാബിറ ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് | എം. എച്ച് .സക്കീർ ഹുസൈൻ | 6 | |
| 21 | റൂബിക്സ് ഫർണീച്ചർ & ഇന്റീരിയർ | എം.ഡി. മൊഹനുദീൻ | 6 | |
| 22 | ലയ ഐസ്ക്രീം | ശ്രീജ .സി .ടി | 3 | |

| | | | |
|---|---|---|---|
| 23 | ശ്രീശങ്കര ഫർണീച്ചർ വർക്സ് | വിഷ്ണു ശർമ്മ | 5 |
| 24 | ഗസൽ കമ്പ്യൂട്ടറൈസ്സ് എംപോറിയം | ഷറഫുദ്ദീൻ | 5 |
| 25 | ഹരിശ്രീ എന്ററർപ്രൈസസ് | ബീന .കെ. ടി | 3 |

## 1-10-2 റേഷൻ കട, കള്ള് ഷോപ്പ് നടത്തിപ്പുകാർ, പഞ്ചാ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്ന് നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കട, ഷോപ്പുകൾ എന്നിവയുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്ര ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴി ഈടാക്കിയതായികാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ

2019-20 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ ( കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | അഷറഫ് അലി |
| 2 | അബ്ദുൾ അസീസ് ടി വി |
| 3 | അബ്ദുൾ റസാഖ് ടി ടി |
| 4 | അലി എം |
| 5 | അബ്ദുൾ റഹ്മാൻ പി |
| 6 | ഇബ്രാഹിം ടി |
| 7 | സക്കീർ ഹുസൈൻ |
| 8 | മുഹമ്മദ് അലി കെ പി |
| 9 | സുബ്രഹ്മണ്യൻ ടി |

## 1-10-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാ
നിന്നും സ്ഥാപന തൊഴിൽ നികുതി നാളിതുവരെ ഡിമ
ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | മുതുതല ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 2 | കൊടുമുണ്ട ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 3 | വട്ടപ്പറമ്പ് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 4 | അക്ഷയ ഇ-കേന്ദ്രം, മുതുതല | I &II |
| 5 | കാരുണ്യാ മെഡിക്കൽ സെന്റർ, മുതുതല | I &II |
| 6 | മംഗൾപാലസ് ഓഡിറ്റോറിയം, മുതുതല | I &II |
| 7 | വി.പി.പാലസ് ഓഡിറ്റോറിയം, മുതുതല | I &II |

| | | |
|---|---|---|
| 8 | ബാബു ഓഡിറ്റോറിയം, മുതുതല | I &II |

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത അറിയിക്കേണ്ടതാണ്.

## 1-10-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമ ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | റെയിൽവെ സ്റ്റേഷൻ, കൊടുമുണ്ട | I &II |
| 2 | മുതുതല ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 3 | കൊടുമുണ്ട ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 4 | വട്ടപ്പറമ്പ് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 5 | അക്ഷയ .ഇ -കേന്ദ്രം, മുതുതല | I &II |

| | | |
|---|---|---|
| 6 | കാരുണ്യാ മെഡിക്കൽ സെന്റർ, മുതുതല | I &II |
| 7 | മംഗൾ പാലസ് ഓഡിറ്റോറിയം, മുതുതല | I &II |
| 8 | വി .പി. പാലസ് ഓഡിറ്റോറിയം, മുതുതല | I &II |
| 9 | ബാബു ഓഡിറ്റോറിയം, മുതുതല | I &II |
| 10 | നീതി മെഡിക്കൽ ലാബ്, പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്ക് (താൽക്കാലിക ജീവനക്കാരുടെ) | I &II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറി നം. 05/ ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഡിമാ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു നൽകിയിട്ടുണ്ട്.

## 1-10 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടത

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രക അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെ ഏതൊരാളിൽ നിന്നും ബാധകമായ തൊഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ

## 1-11 ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികതി കുറവായി നിർണ്ണയിച്ചു - കുറവായ തുക ഈടാക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികതിയ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്ര കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗ( വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെ കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വ ചുമത്തേണ്ടതുള്ളു. മേൽ ചട്ടങ്ങളിലെ ചട്ടം 3(4) പ്ര കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടു ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്ക ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ 100 ച.മീ.വരെ തറവി വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീ.ന് 40/- രൂപയു മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടി രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 1 മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള പല വാണിജ്യ ക (കെട്ടിടങ്ങളുടെ അംഗീകരിച്ച പ്ലാൻ, ഉടമസ്ഥൻ എന്നിവ വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ വിവിധ കട വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമാക നിരക്ക് ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വി കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 40/- രൂപ നിരക്കിൽ ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്. ആയതിന് വി ലഭ്യമാക്കേണ്ടതാണ്.

കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (M2) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 2/418A മുതൽ 2/418B വരെ | രാജേന്ദ്രകുമാർ | വാണിജ്യം | 146.18 |
| 2 | 5/86A മുതൽ 5/86B വരെ | അബ്ദുൾ മുത്തലിഫ് | വാണിജ്യം | 114 |
| 3 | 5/91A മുതൽ 5/91F വരെ | അബ്ദുൾ സലാം | വാണിജ്യം | 162.8 |
| 4 | 13/331A മുതൽ 13/331D വരെ | പ്രസിഡന്റ് & സെക്രട്ടറി കിഴക്കേ കൊടുമുണ്ട ജുമാ മസ്ജിദ് | വാണിജ്യം | 139.23 |
| 5 | 14/69A മുതൽ 14/69E വരെ | പരീദ് | വാണിജ്യം | 276.71 |
| 6 | 15/48A മുതൽ 15/48F വരെ | മുഹമ്മദ് ജാഫർ | വാണിജ്യം | 237.59 |
| 7 | 15/472 മുതൽ 15/476 വരെ | മുഹമ്മദ് അലി | വാണിജ്യം | 156.5 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ കുറവ് വന്ന തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറ സഞ്ചയ സോഫ്റ്റ്വെയറിൽ ആവശ്യമായ തിരുത്തലുകൾ വ( നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-1 റേഷൻ കടകൾ, കള്ള്ഷാപ്പുകൾ, ക്ഷീരോൽപാ
## സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപ സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാര ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയ്ക്കും ക്രമ എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സം ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയി ഷാപ്പുകൾക്കും റേഷൻ കടകൾക്കും ക്ഷീര സഹകരണ സം (കൊടുമുണ്ട ക്ഷീരോൽപാദക സഹകരണ സംഘം പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണു സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12-2 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴു
## സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ നിലവിലെ അസസ്മെന്റ് രജിസ്റ്റ വാണിജ്യാവശ്യത്തിനുള്ള 1181 കെട്ടിടങ്ങൾക്ക് കെട്ട് അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | | എണ്ണം |
|---|---|---|---|
| I | | വാണിജ്യാവശ്യം | |
| | 1 | 100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 593 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 324 |
| | | | |

| | | | |
|---|---|---|---|
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 1 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 34 |
| II | 1 | ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററർ,ഫ്യൂവൽ സ്റ്റേഷൻ | 1 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 10 |
| III | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്ററർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | | 134 |
| IV | 1 | വ്യവസായം<br>കൈത്തറി ഷെഡ്, കയർ പിരി- ഷെഡ്, തടി മില്ല് | 54 |
| | 2 | ഇതര വ്യവസായം | 30 |
| ആകെ | | | 1181 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻ( പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 200 എണ്ണം ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേ

തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു (
പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-12-3 ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രക മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പില നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകA മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന റീട്ടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ വിൽക്കുന്ന സിനിമാ തിയ്യേറ്ററുകൾ, വസ്ത്രശാലകൾ, പാർ ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കു കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതി മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ പ സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേ ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങ ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്ന സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994 പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ട സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നി കർശനമായി പാലിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.04/23.07.
നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ട
നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻ കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപ
സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും
നൽകൽ) ചട്ടങ്ങൾ പ്രകാരം 2019-20 വർഷത്തിൽ ലൈസൻസ് അ
ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്
അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അ
താഴെ ചേർക്കുന്നു.

## 1-13 ജല അതോറിറ്റിയിൽ നിക്ഷേപിച്ച തുക ചെലവഴി 144200 രൂപ പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 353/19-20 |
| പ്രൊജക്ടിന്റെ പേര് | ഉപയോഗിക്കാത്ത പൊതു കുടിവെള്ള ടാപ്പുകൾ നീക്കം ചെയ്യൽ |
| അടങ്കൽ തുക | 145000.00 (തനത് ഫണ്ട്) |
| ചെലവ് തുക | 144200.00 |
| ( വൗച്ചർ നമ്പർ,ചെക്ക് നമ്പർ എന്നിവയും തീയ്യതിയും | 21900505/19.09.19 ചെക്ക് നം. 3064192/19.09.19 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| നിർവഹണ ഏജൻസി | കേരളാ ജല അതോറിറ്റി, ഷൊർണൂർ ഡിവിഷൻ |

മുതുതല ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിലെ വിവിധ ന
പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ സംയുക്ത
നടത്തുന്നതിന് കേരള ജല അതോറിറ്റിയുടെ
ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമ പഞ്ചായത്ത് 11.12.2017 തീയ്യതിയി

നമ്പറായി അതോറിറ്റിയുടെ പട്ടാമ്പി അസി.എഞ്ചിനീയർക്ക് നൽകി.

ജല അതോറിറ്റിയുടെ ഷൊർണൂർ ഡിവിഷൻ, 18.12.17 ലെ നമ്പർ കത്ത് മുഖേന 282 ടാപ്പുകളുടെ ഒരു ലിസ്റ്റ് ഗ്രാമ പ സമർപ്പിച്ചു. ഏതെങ്കിലും കാരണവശാൽ ഒഴിവാക്കപ്പെടേ ടാപ്പുകളുണ്ടെങ്കിൽ ടി വിവരം അറിയിക്കണമെന്ന് ഈ ക പഞ്ചായത്തിനോടാവശ്യപ്പെട്ടിരുന്നു. തുടർന്ന് ഇരു കക്ഷിക സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ പഞ്ചായത്തിലെ 1മുതൽ 15 വരെയുള്ള വാർഡുകളിലെ ഉപയോ 151 ടാപ്പുകളുടെ ലൊക്കേഷൻ ഉൾപ്പെടെയുള്ള മുഴുവൻ വിശ രേഖപ്പെടുത്തി സമഗ്രമായ ഒരു പട്ടിക ഗ്രാമ പഞ്ചായത്ത് തയ്യാ ഈ 151 ടാപ്പുകൾ നീക്കം ചെയ്യണ(Dismantle)മെന്നാവശ്യപ്പെട്ടു ക ജല അതോറിറ്റിയുടെ ഷൊർണൂർ ഡിവിഷൻ അസ എഞ്ചിനീയർക്ക് മേൽ പറഞ്ഞ പട്ടിക സഹിതം കത്ത് ന ചെയ്തിട്ടുണ്ട്. (കത്ത് നമ്പർ എ3/1939/18തീയ്യതി 20.02.19) എ അതോറിറ്റിയുടെ ഭാഗത്ത് നിന്ന് യാതൊരു നടപടിയും ഉണ്ടാകാ പഞ്ചായത്ത് 26.06.2019 ന് ഇതേ നമ്പറിൽ ഒരു ഓർമക്കുറിപ്പ് അയ

തുടർ നടപടിയെന്നോണം, 151പൊതു ടാപ്പുകൾ നീക്കം ചെ 144200രൂപയുടെ ഒരു എസ്റ്റിമേറ്റ് ജല അതോറിറ്റിയുടെ എ എഞ്ചിനീയർ തയ്യാറാക്കുകയും ഈ തുക ജല അതേ ഡെപ്പോസിറ്റ് ചെയ്യാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുകയു 12.07.2019-ലെ പിഎച്ച്/ എസ്.ആർ.ആർ. ഡി4/1773/19 നമ്പർ ക പ്രകാരം ഗ്രാമ പഞ്ചായത്ത്, ഈ തുക KWA യുടെ 671502 അക്കൌണ്ടിലേക്ക് ട്രഷറി ചലാൻ മുഖേന അടവാക്കുകയും 3064192/19.09.19), 19.09.2019 ൽ 08/19-20 നമ്പരായി കരാർ ചമയ്ക്കുക

ഈ പ്രവൃത്തിയുടെ പുരോഗതി വിശദാംശങ്ങൾ ആവശ്യ ഗ്രാമ പഞ്ചായത്ത് 22.10.2019 ന് A4-3829 /19 നമ്പറായി അതോറി നൽകി. ജലഅതോറിറ്റി നടപടികൾ സ്വീകരിക്കാത്തതിനാൽ,സംയുക്ത പരിശോധനയിൽ കണ്ടെ ഉപയോഗശൂന്യമായ ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരമിനത്തി രൂപ ബില്ലിൽ കുറവ് ചെയ്ത് തരണമെന്നാവശ്യപ്പെട്ടു കെ പഞ്ചായത്ത്, വാട്ടർ അതോറിറ്റിക്ക് 16.11.2019 മേൽ നമ്പറി രജിസ്ട്രേഡ് കത്ത് നൽകി.എന്നിട്ടും ജല അതോറിറ്റി യാതൊരു സ്വീകരിച്ചില്ല.

ടാപ്പുകൾ നീക്കം ചെയ്യുന്നതിനു വേണ്ടി ജല അതോറിറ്റി ത എസ്റ്റിമേറ്റ് പ്രകാരമുള്ള 144200 രൂപ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലൊടുക്കിയത് 19.09.19 നാണ്. എസ്റ്റിമേറ്റ് തുക ചെയ്യുന്ന മുറയ്ക്ക് ടി പ്രവൃത്തി ഏർപ്പാടാക്കുന്നതാണെന്ന് ജല പഞ്ചായത്തിന് ഉറപ്പു നൽകുകയും , ഈ ഉപാധിയുൾപ്പെടുത്തി ***08/2019-20 നമ്പർ മുഖേന*** പഞ്ചായത്തുമായി കരാർ വെക്കുകയു

മേൽ പറഞ്ഞ കരാറിലെ 5- നമ്പർ ഉപാധി ജലഅതോറിറ്റിയുടേയോ തദ്ദേശ സ്ഥാപനത്തി നിയന്ത്രണത്തിനതീതമായ കാരണങ്ങളൊന്നുമില്ലെങ്കിൽ സാമ്പത്തിക വർഷം തന്നെ ടാപ്പ് നീക്കം ചെയ്യൽ

പൂർത്തീകരിക്കേണ്ടതുണ്ട്. മേൽ പറഞ്ഞ 2 സ്ഥാപനങ്ങളും നിയന്ത്രണാതീതമായ കാരണങ്ങളൊന്നും നാളിതുവരെ ചെയ്തിട്ടില്ല.

2010-11 മുതൽ 2020-21 വരെയുള്ള കാലയളവിൽ കുടിശ്ശികയിനത്തിൽ 4705339 രൂപ മുതുതല പഞ്ചാ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ടെന്നും എന്നിട്ടും ക അതിന്മേലുള്ള പിഴയും നിലനിൽക്കുന്നുവെന്നും ഉപയോഗ ടാപ്പുകൾ അടച്ചിടാൻ തുക ഡെപ്പോസിറ്റ് ചെയ്തിട്ടു പോലും ന നടപടിയെടുക്കാതെ ഇപ്പോഴും ഉപയോഗശൂന്യമായ ടാപ്പുകളു 282 ടാപ്പുകൾക്ക് വെള്ളക്കരം ഈടാക്കുന്നുവെന്നും അടി വെള്ളക്കരം കുറയ്ക്കാൻ നടപടി സ്വീകരിക്കണമെന്നും ഗ്രാമ 11.06.21- ലെ എ4/2493/2021 നമ്പർ കത്ത് മുഖേന വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

## നിലവിലെ അവസ്ഥ

പൊതു ടാപ്പ് നീക്കം ചെയ്യുന്നതിനു വേണ്ടി 19.09 .19 ന് ഡെപ്പോ സ്വീകരിച്ച 144200 രൂപയുടെ പ്രവൃത്തി നിർവഹിക്കുകയോ, തു നൽകുകയോ വെള്ളക്കരം കുറയ്ക്കുകയോ ചെയ്യാൻ തയ്യാറായിട്ടില്ല.

2019-20, 20-21, 2021-22 കാലളവിലും ഭീമമായ കുടിശ്ശികയു പൊതു ടാപ്പുകളുടെ വെള്ളക്കരം തന്നെ ഈടാക്കിക്കൊണ്ടിരി ഇത് സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ നിന്നും മനസ്സ 2021 ജൂലൈ മാസത്തിൽ ജല അതോറിറ്റി പഞ്ചായത്തിനയച്ച ബി ടാപ്പുകളുടെ വെള്ളക്കരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.)

ഇത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടു കൊണ്ട് നൽക അന്വേഷണത്തിന് (07/25.07.2021) പഞ്ചായത്ത് മറുപടി നൽകിയി

ആയതിനാൽ മേൽ പറഞ്ഞ തുക 144200 രൂപ, നിക്ഷേപത്തീയ 09.2019 മുതൽ നാളിതുവരെയുള്ള കാലയളവിലേക്ക് നിയമാനു സഹിതം കേരള ജല അതോറിറ്റിയിൽ നിന്നും ഈടാ ഫണ്ടിലൊടുക്കി വിവരം തെളിവു സഹിതം അറിയിക്കേണ്ടതാണ്. തുക ഈടാക്കുന്നത് വരെ 144200 രൂപയ തടസ്സപ്പെടുത്തുന്നു.

## 1-14 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ച ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.

2019-20 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rat ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വ ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാ

ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബി( നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പു( ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോ( സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 282/-രൂപ നിരക്കിൽ ബാരലിന്റെ GST542രൂപ ഉൾപ്പെടെ) കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത( അടക്കേണ്ടതാണ്.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം, തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(Kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്( വില @ 282/- |
|---|---|---|---|---|
| 1. | 231/19-20- ചോലക്കാ പറമ്പ് SC കോളനി റോഡ് റീ ടാറിംങ് ഒ.കെ.ബഷീർ | 1/15-06-19 144091 334/18-19 | VG-30– 977.07/156 =6.26 RS1-115.95/200 =.57 SS1-238.23/182 =1.30 | 8X282 = 2256 |
| 2. | 264/19-20 തെക്കേപ്പുറം- കുറുപ്പൻമാരിൽ റോഡ് ടാറിംങ് മുഹമ്മദ് റഫീക്ക് | 32/7-9-19 225481 527/19-20 | VG-30 – 878.18/156 =5.62 RS1-114.46/200 =.57 SS1-353.77/182 | 8X282 = 2256 ഇതി( 6 ബാരലിന്( വിലയായ 1500 രൂപ മാത്രമാണ് |

| | | | | |
|---|---|---|---|---|
| | | | =1.94 | ഈടാക്കി യിട്ടുള്ളത് ആയതിന് ബാക്കി 756 രൂപ അടവ ക്കേണ്ടതാ |
| | | | ആകെ | 3012/- |

## 1-15 2019-20 സെക്രട്ടറി നിർവഹിക്കേണ്ട പ്രൊജക്ടുകൾ മ നടപ്പാക്കിയില്ല

2019-20 കാലയളവിൽ പ്രൊജക്ടുകളുടെ നിർവഹണോദ്യോഗ നിലയിൽ സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടുകൾ, നടപ്പാക്കാത്ത സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അംഗീകരിക്കപ്പെട്ട ആകെ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കാത്ത പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|---|---|
| 35 | 16 | 19 | 13067710 | 3818791 | 29.22 |

**2019-20** ൽ അംഗീകരിക്കപ്പെട്ടവയിൽ ഏകദേശം 50
പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല എന്ന് കാണുന്നു.അടങ്കൽ
താരതമ്യപ്പെടുത്തുമ്പോൾ ചെലവിന്റെ
പരിമിതമാക്കപ്പെടുന്നു എന്ന് മേൽ പട്ടകയിൽ നിന്നും മനസ്സില

കർമ സമിതികൾ ഗ്രാമ സഭ, വികസന സെമിനാർ എന്നി
പദ്ധതി രൂപീകരണത്തിന്റെ വിവിധ സംവിധാനങ്ങളില
കൊള്ളുന്ന പ്രൊജക്ടുകൾ പ്രത്യേകിച്ചും അടിസ്ഥാന സൗകര്യ
വിദ്യാഭ്യാസം,സാമൂഹ്യക്ഷേമം എന്നിവയുമായി
സമയബന്ധിതമായും കാര്യക്ഷമമായും നടപ്പി
അനിവാര്യമാണെന്നിരിക്കെ ഇക്കാര്യത്തിൽ ഭരണ സമിതിയു
ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം- നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നമ്പർ : 130/20 യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിത
അടങ്കൽ :1,50,000.00 (തനത്ഫണ്ട്)
ചെലവ് വിവരം : 140538.00 (ചെക്ക്നം5846642തി 27. 03.20 )
നിർവ്വഹണം - ഹെഡ്മിസ്ട്രസ്സ് , ജി എൽ പി എസ്, പെരുമുടിയൂർ

നിർവഹണ വർഷം- 2019-20

പതിമൂന്നാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വി
സംബന്ധിച്ച മാർഗ്ഗ രേഖ സ.ഉ (കൈ) 22/18 ത.സ്വ.ഭ.വ, തി
ഖണ്ഡിക 7.6.13 പ്രകാരം രജിസ്റ്റേർഡ് യുവജന ക്ളബുകൾക്ക് സ്
നൽകുവാൻ തയ്യാറാക്കിയ ഈ പ്രൊജക്ടിന്റെ നിർവ്വഹണത
പറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

1) പ്രൊജക്ട് മുഖേന സ്പോർട്ട്സ് കിറ്റ് നൽകിയ താഴെ പറയുന്
ജില്ലാ റജിസ്ട്രാർ ഓഫീസിൽ രജീസ്ട്രേഷൻ നടത്തിയ
പുതുക്കിയതിന്റേയും വിശദാംശങ്ങൾ ( രജീസ്ട്രേഷൻ സർട്ടിഫ
പകർപ്പുകൾ , രജിസ്ട്രർ ചെയ്ത നിയമാവലി (Bye Law) യുടെ
എന്നിവ) ലഭ്യമാക്കിട്ടില്ല.

| ക്രമ നം | ക്ലബിന്റെ പേര് |
|---|---|
| 1 | SRC ,പുത്തൻ കവല |

| | |
|---|---|
| 2 | KYC യാറം |
| 3 | NEW STAR, പറക്കാട് |
| 4 | FRIENDS , പാറപ്പുറം |
| 5 | MFC, മച്ചിങ്ങത്തൊടി |
| 6 | KRC കൊഴിക്കോട്ടിരി |
| 7 | ശ്രീധർ സ്മാരക വായനശാല |
| 8 | സിംഫണി , പുതിയ ഗേറ്റ് |
| 9 | FASC, പെരുമുടിയൂർ |
| 10 | ഷോണിമ, കാരക്കുന്ന് |
| 11 | പ്രതിഭ ആർട്സ് & സപോർട്സ് |
| 12 | KASC, കാരക്കുന്ന് |
| 13 | ന്യൂ ബ്രദേഴ്സ്, കാരക്കുന്ന് |
| 14 | ബാബാസ് ആർട്സ് & സ്പോർട്സ്, മുതുതല |
| 15 | ആംബ്രോസ് , ആണ്ടാത്ത് |
| 16 | COSCO, Bവടക്കുംമുറി |
| 17 | ശിൽപ, നമ്പ്രം |
| 18 | പവർ ബോയ്സ് , പറക്കാട് |
| 19 | പൂക്കാട്ട് കുന്ന് |
| 20 | വിവേകാനന്ദ, ആലിക്കപ്പറമ്പ് |
| 21 | മോഡേൺ മുതുതല |
| 22 | സെവൻ സ്റ്റാർ, ഉരുളാംകുന്ന് |
| 23 | FC, തോട്ടിൻകര |
| 24 | വിവ, മിൽ നഗർ |
| 25 | ബോയ്സ് വേൾഡ്, കൊടുമുണ്ട |
| 26 | യുവ, നാലങ്ങാടി |

| | |
|---|---|
| 27 | വിസ്മയ, വേട്ടാംകുന്ന് |
| 28 | സൺറൈസ്, വടക്കുംമുറി |
| 29 | യുവതരംഗം, പെരുമുടിയൂർ തറ |
| 30 | അക്ഷയ ആർസ് & സ്പോർട്ട്സ് ക്ലബ്, കൊടുമുണ്ട |
| 31 | വിക്ടറി സ്ട്രീറ്റ് , പഞ്ചായത്ത് |
| 32 | യുവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, |
| 33 | ലവ്സ്റ്റാർ, കൊടുമുണ്ട |
| 34 | ന്യൂ സ്റ്റാർസ് ശാന്തി നഗർ |
| 35 | കിംഗ്സ് , ആലിക്കപ്പറമ്പ് |
| 36 | KSC കൊടുമുണ്ട |

2) സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ജി.ഒ (പി) 259/201 തിയതി 08/11/2010 ലെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് സ സേവനങ്ങളും, സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖയിലെ ന് പ്രകാരം ഓപ്പൺ ടെണ്ടർ രീതി അവലംബിച്ച് , വ്യാപക പ്രചാ ഇംഗ്ലീഷ് ദിന പത്രത്തിലും മലയാള ദിന പത്രത്തിലും പരസ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് വിതര തെരഞ്ഞെടുക്കേണ്ടതായിരുന്നു. എന്നാൽ ര നിർവ്വഹണത്തിൽ ഈ നിബന്ധന പാലിച്ചിട്ടില്ല. (ആകെ രണ്ട് ക മാത്രം ടെണ്ടർ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കി)

3)പ്രൊജക്ടിനു വേണ്ടി വാങ്ങിയ സാധനങ്ങൾ രേഖപ്പെടുത്ത് രജിസ്റ്റർ, കൈപ്പറ്റിയ സാധനങ്ങളുടെ വിശദാംശങ്ങൾ രേഖ ക്ലബുകളിൽ നിന്നുള്ള കൈപ്പറ്റ് രശീതി എന്നിവ ലഭ്യമാക്കിട്ടില്ല

(3) പതിമൂന്നാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ സ.ഉ (കൈ) 22/18 തീയതി. 14.2.18 ഖണ്ഡിക 7.6.13 പ്രകാരം എല്ലാ ക്ലബ്ബുകളിൽ നിന്ന ക്ഷണിച്ചിട്ടില്ല .കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ യുവജന

ഏകോപന സമിതി നിശ്ചയിക്കണം. ഓരോ ക്ലബ്ബുകൾക്കും ആവശ്യത്തിനു സാധ്യതക്കും അനുസരിച്ചുള്ള സ്പോർട്ട്സ് ഉപക ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടപ്പം വാങ്ങിയിട്ടില്ല.

(4) പതിമൂന്നാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ സ.ഉ (കൈ) 22/18 തീയതി. 14.2.18 ഖണ്ഡിക 7.6.6 പ്രകാരം യൂത്ത് ക്ലബ്ബ് ഏകോ സംവിധാനം രൂപീകരിക്കേണ്ടതാണെന്ന് വിശദമാക്കിയിട്ടുണ്ട്.

എന്നാൽ ക്ലബ്ബുകളുടെ അപേക്ഷ, ഏകോപന സമിതി രൂപീക വിശദാംശം, ക്ലബ്ബുകളുടെ രജിസ്ട്രേഷൻ, ക്ലബ്ബകളുടെ അ കൈപ്പറ്റു രശീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

TBS പബ്ലിഷേഴ്സ് & ഡിസ്ട്രിബ്യൂട്ടേഴ്സ് , കോഴിക്കോട് എന്ന സ്ഥാ ഇൻവോയ്സ് ബിൽ നമ്പർ 1920/GLR- 249/18-03.20 പ്രകാരം ( നാൽപ്പതെണ്ണം വീതമാണ് വാങ്ങിയിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഇനം | ആകെ എണ്ണം | യൂണിറ്റ് വില | മൊത്തം വില |
|---|---|---|---|---|
| 1 | ഫുട്ബോൾ | 40 | 623.4 | 24936 |
| 2 | വോളി ബോൾ | 40 | 394.4 | 15776.88 |
| 3 | വോളിബോൾ നെറ്റ് | 40 | 763.2 | 30528.96 |
| 4 | ക്രിക്കറ്റ് ബാറ്റ് | 40 | 1328.2 | 53128. 00 |

മേൽ പറഞ്ഞ 4 ഇനങ്ങൾ ഉൾപ്പെടുന്ന 40 കിറ്റുകളാണ് വാങ്ങിയ 36 കിറ്റുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. വാങ്ങി ചെയ്യാത്ത 4 കിറ്റുകൾക്ക് ചെലവഴിച്ച തുക സംബന്ധിച്ച വി ചുവടെ ചേർക്കുന്നു.

വിതരണ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഇനം | വിതരണം ചെയ്യാത്ത ഇനങ്ങളുടെ എണ്ണം | യൂണിറ്റ് വില | ആകെ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഫുട്ബോൾ | 4 | 623.4 | 2493.6 |
| 2 | വോളി ബോൾ | 4 | 394.4 | 1577.6 |
| 3 | വോളിബോൾ നെറ്റ് | 4 | 763.2 | 3052.8 |
| 4 | ക്രിക്കറ്റ് ബാറ്റ് | 4 | 1328.2 | 5312.8 |
| **ആകെ** | | | | **12436.8** |

ടി പദ്ധതി ചെലവ് തുക തടസ്സപ്പെടുത്താതിരിക്കാനും ( വിനിയോഗിച്ച് സാധനം വാങ്ങി വിതരണം ചെയ്യാതെ ന നഷ്ടപ്പെടാനിടയാക്കിയത് സ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേ നമ്പർ ( 02/19.07.21) നിർവഹണോദ്യോഗസ്ഥ മറുപടി സമർപ്പിച്ചില്ല സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി പദ്ധതി വിഭാ നടപ്പിലാക്കിയത് ക്രമ വിരുദ്ധമാണ്. ആയതിനാൽ യഥാർത്ഥ മുൻകൂട്ടി നിർണയിക്കാതെ സപോർട്സ് ഉപകരണങ്ങൾ വാങ്ങിയ വിതരണം ചെയ്യപ്പെടാനാകാതെ അവശേഷിച്ച 4 കിറ്റുകളുടെ രൂപ നിർവഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്ക് ഫണ്ടിലൊടുക്കേണ്ടതാണ്. കൂടാതെ പരാമർശത്തിൽ പറയുന്ന വിശദീകരണങ്ങളും ഹാജരാക്കുന്നതിനു വിധേയമായി ബാക്ക 128101.2 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെ

## 1-17 സ്കൂളുകൾക്ക് ദിന പത്രങ്ങൾ, ബാല മാസികകൾ എന്നിവയുടെ വിതരണം-അപാകങ്ങൾ

പ്രൊജക്ട് നമ്പർ 122/20

അടങ്കൽ 75000.00 ( പ്ലാൻ ജനറൽ)

ചെലവ് - 74820.00 ( ബിൽ നമ്പർ 01/21.1പരിഷദ് ഭവൻ, ചാല കോഴിക്കോട്- പിൻ 670.19)

നിർവഹണോദ്യോഗസ്ഥ-

ഹെഡ്മിസ്ട്രസ്, ജി .എൽ. പി .എസ്, പെരുമുടിയൂർ

ചെലവ് വിശദാംശങ്ങൾ

| ക്രമ നമ്പർ | ഇനം | എണ്ണം | വില | റിമാർക്സ് |
|---|---|---|---|---|
| 1 | ദേശാഭിമാനി പബ്ലിക്കേഷൻസ് പത്മ പ്രിയ ബിൽഡിംഗ്, എം.എ. ലെയിൻ, പാലക്കാട്- 14 | 43 | പരിഷദ് ഭവൻ, ചാലപ്പുറം പി.ഒ. കോഴിക്കോട്- പിൻ 6743000.00 | ( രശീതി നമ്പർ PAL/19-20/2514/ 28.10.19 |
| 2 | യൂറിക്കാ | 30 | 9000.00 | പരിഷദ് ഭവൻ, ചാലപ്പുറം പി.ഒ. കോഴിക്കോട്- പിൻ 673002<br>രശീതി നമ്പർ NIL/01.11.19 |
| 3 | ശാസ്ത്രഗതി | 18 | 3600 | പരിഷദ് ഭവൻ, ചാലപ്പുറം പി.ഒ. കോഴിക്കോട്- പിൻ 673002<br>രശീതി നമ്പർ 07441/29.10.19 |
| 4 | ശാസ്ത്ര കേരളം | 18 | 3600 | പരിഷദ് ഭവൻ, ചാലപ്പുറം പി.ഒ. കോഴിക്കോട്- പിൻ 673002<br>രശീതി നമ്പർ 79461/29.10.19 |

| | | | | |
|---|---|---|---|---|
| 5 | തത്തമ്മ | 71 | 15620.00 | പള്ളിക്കുന്ന് . പി.ഒ, കണ്ണൂർ രശീതി നമ്പർ 90020/29.10.19 |
| | ആകെ | | 74820.00 | |

സബ്സിഡി മാർഗ്ഗ രേഖയിൽ പ്രതിപാദിക്കാത്ത പദ്ധതി വിഭ നടപ്പിലാക്കിയത് സംബന്ധിച്ചും , ഗുണഭോക്തൃ തെ സംബന്ധിച്ചും , മേൽ പറഞ്ഞ ആനുകാലികങ്ങളുടെ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽക അന്വേഷണത്തിന് ( 08/25.07.21) നിർവഹണോദ്യോഗസ്ഥ സമർപ്പിച്ചില്ല. ആയതിനാൽ വ്യക്തമായ വി സമർപ്പിക്കുന്നതിനു വിധേയമായി പ്രൊജക്ടിന്റെ ചെലവു 74820 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-18-1 സൗജന്യ പി.എസ്.സി. കോച്ചിംഗ് -(എസ്.സി.പി.) ( തുക 10000 രൂപ ഓഡിറ്റിൽ തസ്സപ്പെടുത്തുന്നു.**

**II. പ്രൊജക്ട് നമ്പർ - 126/20**

**അടങ്കൽ -10000.00 ( പ്ലാൻ- എസ്.സി.പി )**

**ചെലവ് - 10000.00 ( ബിൽ നമ്പർ 0 7/18.02.20)**

**നിർവഹണോദ്യോഗസ്ഥൻ- ഹെഡ് മിസ്ട്രസ്**

സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/18 , ത.സ്വ.ഭ.വ ,തീയ്യതി 14.02. മാർഗ്ഗ രേഖയിലോ 2018-19 മുതൽ 21-22 വരെ വാർഷിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖകളിലോ പ്രതിപാദിച്ചിട്ട ചെലവുകൾക്ക് സർക്കാറിൽ നിന്നും അനുമതി വാങ്ങേണ്ടതു ഈ പ്രൊജക്ട് സബ്സിഡി മാർഗ്ഗ രേഖയിൽ ഉൾപ്പെടാത്തതും ( നിന്നും മുൻകൂർ അനുമതി വാങ്ങാത്തതുമാണ്.

മേൽ ഉത്തരവ് ഖണ്ഡിക 8 (5) ൽ പരിശീലനത്തിന് മാത്രമാ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഖണ്ഡിക 8(6) ൽ സ്ഥാപനങ്ങളെ മാത്രമേ പരിശീലന സ്ഥാപനമായി തെരഞ്ഞെ എന്നും ദീർഘകാല പരിശീലനവും നിലവിൽ ചെയ്യുന്ന വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പരിശീലന ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കണമെന്നും നിഷ്കർഷിച്ചിട്ടു

ഈ പദ്ധതി നടത്തപ്പെട്ടത് മേൽ ഉത്തരവുകൾക്ക് വിരു
നടത്തിപ്പിന് പരിശീലനാർത്ഥികളെ തെരഞ്ഞെടുത്തത്
മുഖേനയാണെന്ന് തെളിയിക്കുന്ന രേഖകൾ , പരിശീലനാർത്ഥ
ജാതിക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ, പരിശീലന സ
സർക്കാർ സ്ഥാപനത്തെ തെരഞ്ഞെടുത്തതായോ പരിശീലന
തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി
തെളിയിക്കുന്ന രേഖകൾ, പരിശീലനത്തിൽ പങ്കെടുത്തവരു
എന്നിവയൊന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല
ആകെ 5 ദിവസമാണ് പരിശീലനം നടത്തിയിരിക്കുന്നത്. പരിശ
ദിവസത്തേക്ക് 2000 രൂപ വീതം ആകെ 10,000 രൂപ നൽകിയിട്ടു
പദ്ധതിഫണ്ടിന്റെ ദുർവിനിയോഗമാണ്.
ഇത് സംബന്ധിച്ച വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽക
അന്വേഷണത്തിന് (നമ്പർ 06/24.07.21) നിർവഹണോദ്യോഗസ
സമർപ്പിച്ചില്ല. ആയതിനാൽ സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വ
നിർവഹിച്ച ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാ
വിധേയമായി, ഈ പ്രൊജക്ടിന് ചെലവഴിച്ച 10000 രൂപ
തടസ്സപ്പെടുത്തുന്നു.

## <u>1-18 സൗജന്യ പി.എസ്.സി കോച്ചിംഗ് (ജനറൽ) - അപാക</u>
## <u>10000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

**I. പ്രൊജക്ട് നമ്പർ - 125/20**

**അടങ്കൽ -10000.00 ( പ്ലാൻ ജനറൽ)**

**ചെലവ് - 10000.00 ( ബിൽ നമ്പർ 03/10.01.20)**

**നിർവഹണോദ്യോഗസ്ഥ- ഹെഡ് മിസ്ട്രസ്**

സർക്കാർ ഉത്തരവ് ( കൈ) നമ്പർ 22/18 , ത.സ്വ.ഭ.വ ,തിയ
സബ്സിഡി മാർഗ്ഗ രേഖയിലോ 2018-19 മുതൽ 21-22 വരെ
പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേ
പ്രതിപാദിച്ചിട്ടില്ലാത്ത ഇനം ചെലവുകൾക്ക് സർക്കാറിൽ നിന്നു
വാങ്ങേണ്ടതുണ്ട്. എന്നാൽ ഈ പ്രൊജക്ട് സബ്സിഡി മാർഗ്ഗ
ഉൾപ്പെടാത്തതും സർക്കാറിൽ നിന്നും മുൻകൂർ
വാങ്ങാത്തതുമാണ്.

